# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4137 — 16.12.2014-ലെ മറുപടിയ്ക്ക്

## നികുതി ഘടനയിൽ മാറ്റം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി<br>" പി.ബി.അബ്ദുൾ റസാക്<br>" എൻ. ഷംസുദ്ദീൻ<br>" കെ.എൻ.എ.ഖാദർ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവനനിർമാണവും വകുപ്പുമന്ത്രി) |
| എ) നികുതി ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം നല്കാമോ ; | എ) നികുതി ഘടനയിൽ വരുത്തേണ്ട മാറ്റങ്ങൾ ബഡ്ജറ്റ് വേളയിൽ പരിശോധിയ്ക്കുന്നതാണ്. |
| ബി) ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടാക്സേഷൻ സ്റ്റഡീസ് നികുതി പരിഷ്കരണം സംബന്ധിച്ച് എന്തെങ്കിലും ശുപാർശകൾ അടുത്തകാലത്ത് നൽകിയിട്ടുണ്ടോ; എന്തെങ്കിലും പഠനം നടത്താൻ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരുന്നോ; എങ്കിൽ അതു സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ; | ബി) സ്വർണ്ണ വ്യാപാര മേഖലയിലെ നികുതി വരുമാനം കൂട്ടുന്നതിനും, നികുതി വെട്ടിപ്പ് തടയുന്നതിനും, പുതിയ നികുതി ഘടന ഏർപ്പെടുത്തുന്നതിനുമായുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റി സമർപ്പിച്ച ശുപാർശകളിന്മേൽ ( Restructuring Taxing of Gold/Jewellery in Kerala), ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ സ്റ്റഡീസ് പഠനം നടത്തി റിപ്പോർട്ട് സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച സമിതി സ്വർണ്ണത്തിന്റെ നികുതി ഘടനയിൽ മാറ്റം വരുത്തിയ ശേഷം ആറ് മാസം കഴിഞ്ഞ് ഒരു 'ഇംപാക്ട് അസ്സസ്സ്മെന്റ് സ്റ്റഡി' നടത്തണമെന്ന് ശുപാർശ ചെയ്തിരുന്നു. അതു പ്രകാരം 2014 ലെ ധനകാര്യ നിയമത്തിലൂടെ സ്വർണ്ണത്തിന്റെ നികുതി ഘടനയിൽ മാറ്റം വരുത്തുകയും ആറ് മാസം കഴിഞ്ഞതിനെ തുടർന്ന് 'ഇംപാക്ട് അസ്സസ്സ്മെന്റ് സ്റ്റഡി' നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി വാണിജ്യ നികുതി വകുപ്പ് ജോയിന്റ് കമ്മീഷണർ (ജനറൽ) ചെയർമാനായി അഞ്ചംഗ സ്റ്റഡി ടീം രൂപീകരിച്ചിട്ടുണ്ട്. |
| സി) നികുതി വെട്ടിപ്പിനുള്ള സാഹചര്യം ഇല്ലാതാക്കുന്നതിന് നികുതിഘടന ലഘൂകരിക്കുകയും ജനങ്ങളിൽ നിന്നും പിരിച്ചെടുക്കുന്ന നികുതി അതു | സി) അനേകം നികുതി നിരക്കുകൾ കൊണ്ട് സങ്കീർണ്ണമായിരുന്നു കേരള പൊതു വില്പന നികുതി നിയമം. എന്നാൽ മൂല്യ വർദ്ധിത നികുതി നിയമം നടപ്പിലാക്കിയ ശേഷം നികുതി നിരക്കുകൾ |

| | |
|---|---|
| മാസം തന്നെ ഖജനാവിൽ എത്തുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുമോ ? | പ്രധാനമായും നാലായി വർഗ്ഗീകരിച്ച് ലഘൂകരിക്കുകയുണ്ടായി. ടി നിയമത്തിൽ സെൽഫ് അസസ്സ്മെന്റ് സമ്പ്രദായമാണ് അനുവർത്തിച്ചു വരുന്നത്. കൂടാതെ ഇ ഫയലിംങ്, ഇപെയ്മെന്റ് എന്നിവ ഏർപ്പെടുത്തിക്കൊണ്ട് നടപടിക്രമങ്ങൾ കൂടുതൽ ലളിതവത്കരിച്ചിട്ടുണ്ട്. പിരിച്ചെടുക്കുന്ന നികുതി അതതുമാസം തന്നെ ഖജനാവിൽ എത്തുന്നുണ്ടെന്ന് ഉറപ്പ്‌വരുത്തുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട് |

സെക്ഷൻ ഓഫീസർ